9040
25/7/15

കേരള സർക്കാർ

വനം വകുപ്പ്

തിരുവനന്തപുരം ഡിവിഷൻ

നമ്പർ D/6824/14 തീയതി: 21-7-2015

## ആർ.എഫ്.പി. ദർഘാസ് വരസ്യം

കേരള വനം വകുപ്പിലെ തിരുവനന്തപുരം ഡിവിഷനിലെ പൊൻമുടി, കല്ലാർ, മങ്കയം എന്നീ സ്ഥലങ്ങളിൽ താഴെ ചേർത്തിരിക്കുന്ന പ്രവൃത്തികൾക്ക് പരിചയസമ്പന്നരായ അംഗീകൃത കരാറുകാരിൽ നിന്നും തിരുവനന്തപുരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ഓൺലൈൻ റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ ക്ഷണിക്കുന്നു. പ്രൊപ്പോസലിൻെറ വിശദവിവരം www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ്പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിൻെറ ഇൻറർനെറ്റ് ബാങ്കിംഗ് വഴിയോ, മറ്റ് ബാങ്കുകളിൽ NEFT വഴിയോ ഓൺലൈനിൽ സമർപ്പിക്കേണ്ടതാണ്.

എല്ലാ പ്രൊപ്പോസൽ പ്രമാണങ്ങളും www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രം സമർപ്പിക്കേണ്ടതാണ്. ദർഘാസുകൾ www.forest.kerala.gov.in എന്ന വെബ്സൈറ്റിലൂടെ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ, തപാലിലോ പ്രൊപ്പോസൽ സ്വീകരിക്കുന്നതല്ല.

ദർഘാസ് ഫോറത്തിൻെറ വില, ഉദ്ദേശിക്കുന്ന കരാറിൻെറ അടങ്കൽതുക എന്നിവ താഴെ പറയും പ്രകാരമാണ്.

### വട്ടിക

| ക്രമനമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1. | പൊൻമുടിയിൽ അഡ്വഞ്ചർ സ്പോർട്സ് സംവിധാനം. |
| 2. | പൊൻമുടിയിൽ ഇൻറർ പ്രട്ടേഷൻ സെൻറർ നിർമ്മാണം. |
| 3. | പൊൻമുടിയിലും കല്ലാറിലും മങ്കയത്തും സൈനേജ് ബോർഡുകളുടെയും എക്സിബിറ്റുകളുടെയും നിർമ്മാണം. |
| 4. | പൊൻമുടിയിലും മങ്കയത്തും ആർട്ടിസ്റ്റിക് എൻട്രൻസ് നിർമ്മാണം. |
| 5. | കല്ലാറിൽ സ്റ്റോൺ ബ്രിഡ്ജ് നിർമ്മാണം. |
| 6. | കല്ലാറിൽ ട്രീ ടോപ്പ് വ്യൂ പോയിൻറ് നിർമ്മാണം. |
| 7. | കല്ലാറിൽ ആയുർവ്വേദ റിജുവനേഷൻ സെൻററിൻെറ നിർമ്മാണം. |
| 8. | നെടുമങ്ങാട് വനശ്രീ ഇക്കോഷോപ്പിൻെറ നിർമ്മാണം. |

മുകളിൽ പറഞ്ഞിരിക്കുന്ന പ്രൊപ്പോസലിനെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1. | പ്രൊപ്പോസലിൻെറ അടങ്കൽ തുക | : | കരാറുകാരൻ വെബ്സൈറ്റിൽ ക്വാട്ട് ചെയ്യുന്ന തുക |
| 2. | കരാറുകാരുടെ ക്ലാസ്സ് | : | എ & ബി |
| 3. | ഡിവിഷൻ | : | തിരുവനന്തപുരം വനം ഡിവിഷൻ |
| 4. | പ്രൊപ്പോസൽ ഫോറത്തിൻെറ വില | : | കരാറുകാരൻ ക്വാട്ട് ചെയ്യുന്ന തുകയുടെ 0.2% + വാറ്റ് |
| 5. | നിരതദ്രവ്യം | : | കരാറുകാരൻ ക്വാട്ട് ചെയ്യുന്ന തുകയുടെ 2.5% |
| 6. | പ്രവൃത്തി ചെയ്തു തീർക്കേണ്ട കാലാവധി | : | കരാർ തീയതി മുതൽ 3 മാസം |
| 7. | പ്രൊപ്പോസൽ വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതി | : | 24-8-2015 പകൽ 2 മണി മുതൽ |
| 8. | പ്രീ ബിഡ് മീറ്റിംഗ് | : | 08-9-2015 പകൽ 11 മണി |
| 9. | വെബ്സൈറ്റിൽ തെറ്റ് തിരുത്തി നൽകേണ്ട അവസാന തീയതി | : | 16-9-2015 |
| 10. | പ്രൊപ്പോസൽ വെബ്സൈറ്റിൽ നൽകേണ്ട അവസാന തീയതി | : | 05-10-2015 വൈകുന്നേരം 5 മണി |
| 11. | ടെക്നിക്കൽ ബിഡ് തുറക്കുന്ന തീയതി | : | 16-10-2015 പകൽ 11 മണി |
| 12. | ഫിനാൻഷ്യൽ ബിഡ് തുറക്കുന്ന തീയതി | : | 19-10-2015 പകൽ 11 മണി |
| 13. | അവസാന തീരുമാനം എടുക്കുന്ന തീയതി | : | 19-10-2015 ഉച്ചയ്ക്കുശേഷം 3 മണി |

ഓൺലൈൻ പ്രൊപ്പോസലിനോടൊപ്പം 100/- രൂപയുടെ കേരള മുദ്രപത്രത്തിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെൻറ്, സ്കാൻ ചെയ്ത മറ്റു രേഖകളുടെ പകർപ്പ്, ബിഡ് കപ്പാസിറ്റി സർട്ടിഫിക്കറ്റ്, EMD ഒഴിവാക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് (ഉണ്ടെങ്കിൽ) എന്നിവ ഓൺലൈൻ ആയി സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കാത്തതും അവയുടെ ഒറിജിനൽ പ്രൊപ്പോസൽ തുറക്കുന്നതിനുമുൻപ് സമർപ്പിക്കാത്ത

തുമായ പ്രൊപ്പോസലുകൾ നിരസിക്കപ്പെടുന്നതാണ്. ഈ പ്രൊപ്പോസലുമായി ബന്ധപ്പെട്ട മറ്റു വിവരങ്ങൾ www.forest.kerala.gov.in എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന ഉപ്പളം help desk-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെൻറിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാട് നടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിൻെറ വിശദവിവരങ്ങളും ഇ-മെയിൽ അഡ്രസ്സും) പ്രൊപ്പോസലിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. ടെക്നിക്കൽ ബിഡ്ഡും ഫിനാൻഷ്യൽ ബിഡ്ഡും അതിനായി പറഞ്ഞിരിക്കുന്ന അതാതു കവറുകളിൽ മാത്രം സമർപ്പിക്കേണ്ടതാണ്. കരാറുകാർ വിവരങ്ങൾ അപ്ലോഡ് ചെയ്യുന്നതിലും മറ്റും ഉണ്ടാകുന്ന അസൗകര്യത്തിനും നഷ്ടത്തിനും ഡിപ്പാർട്ടുമെൻറ് ഉത്തരവാദി ആയിരിക്കുന്നതല്ല.

പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള കരാറുകാരുടെയോ അവരുടെ പ്രതിനിധിയുടെയോ സാന്നിദ്ധ്യത്തിൽ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പ്രൊപ്പോസലുകൾ തുറക്കുന്നതാണ്. പ്രൊപ്പോസലുകൾ തുറക്കുന്ന ദിവസം അവധിയായി സർക്കാർ പ്രഖ്യാപിക്കുകയാണെങ്കിൽ അടുത്ത പ്രവൃത്തിദിവസം പ്രൊപ്പോസലുകൾ തുറക്കുന്നതായിരിക്കും.

ടി.ഉമ IFS
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
(കേരള ഗവർണർക്കുവേണ്ടി)